■ **എളമരം കരീം** വ്യവസായ മന്ത്രി



രണ്ടു വർഷത്തെ പ്രവർത്തനങ്ങൾ വ്യവസായാനുകൂല സംസ്ഥാനം എന്നൊരു പ്രതിച്ഛായ കേരളത്തിനകത്തും പുറത്തും സൃഷ്ടിച്ചു. വലുതും ചെറുതുമായ സ്വകാര്യ നിക്ഷേപങ്ങൾ വൻതോതിൽ വാഗ്ദാനം ചെയ്യപ്പെട്ടതും ഒരിക്കലും രക്ഷപ്പെടില്ലെന്നു കരുതിയ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭമുണ്ടാക്കി ചരിത്രം സൃഷ്ടിച്ചതുമെല്ലാം സാക്ഷ്യങ്ങൾ.

# വ്യവസായം വളർച്ചയുടെ നാളുകൾ



വിവാദങ്ങളില്ലാതെ കാര്യക്ഷമതയോടെ കഴിയുന്നത്ര വേഗത്തിൽ ചെയ്യാവുന്നതു ചെയ്യുക. സമ്പദ്-വിഭവ ദാരിദ്ര്യത്തിൽ മുങ്ങിത്താഴുകയായിരുന്ന കേരളത്തെ വ്യവസായവത്കരിക്കാൻ ഇതേ വഴിയുള്ളൂ എന്ന തിരിച്ചറിവോടെ മുന്നോട്ടു നീങ്ങുകയാണ് സർക്കാർ. മുൻ സർക്കാരിന്റെ കാലത്തുനടന്ന എച്ച്.എം.ടി. ഭൂമി കൈമാറ്റത്തെച്ചൊല്ലി ഉയർന്ന അനാവശ്യ വിവാദം ഒഴിച്ചാൽ രണ്ടു വർഷത്തെ പ്രവർത്തനങ്ങൾ വ്യവസായാനുകൂല സംസ്ഥാനം എന്നൊരു പ്രതിച്ഛായ കേരളത്തിനകത്തും പുറത്തും സൃഷ്ടിക്കുകയാണ് ചെയ്തത്. സംസ്ഥാനത്തെ കമ്പനികളുടെ രജിസ്ട്രേഷനിൽ 2007-08 ൽ റെക്കോഡു വർദ്ധന ഉണ്ടായതും വലുതും ചെറുതുമായ സ്വകാര്യ നിക്ഷേപങ്ങൾ വൻതോതിൽ വാഗ്ദാനം ചെയ്യപ്പെട്ടതും ഒരിക്കലും രക്ഷപ്പെടില്ലെന്നു കരുതിയ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭമുണ്ടാക്കി ചരിത്രം സൃഷ്ടിച്ചതുമൊക്കെ ഇതിന്റെ സാക്ഷ്യങ്ങളാണ്. കേരളത്തിന്റെ വ്യവസായ വികസന ചരിത്രത്തിൽ ഓർമിക്കപ്പെടുന്ന രണ്ട് വർഷങ്ങളാണ് കടന്നുപോയത്.

കേരളത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷമുണ്ടെന്ന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികളെയും സംരംഭകരെയും ബോധ്യപ്പെടുത്താൻ കഴിഞ്ഞു എന്നതാണ് രണ്ടു വർഷത്തിനിടയിൽ വ്യവസായ വകുപ്പ് കൈവരിച്ച നേട്ടങ്ങളിൽ പ്രധാനം. സ്വകാര്യ സംരംഭകർ മറ്റേതു സംസ്ഥാനത്തെയും പോലെ കേരളത്തെയും കാണുന്നു. കേരളത്തിൽ തൊഴിൽ സമാധാനമില്ലെന്നും സർക്കാരിനു നിക്ഷേപ പ്രോത്സാഹന കാഴ്ചപ്പാടില്ലെന്നുമുള്ള ആരോപണങ്ങൾക്ക് ഒരു അടിസ്ഥാനവുമില്ലെന്ന് വ്യവസായികൾ തന്നെ ഇപ്പോൾ സമ്മതിക്കുന്നു. പുതിയ വ്യവസ്ഥകളോടെ സ്മാർട്സിറ്റി കരാർ ഒപ്പിട്ടത് കേരളത്തിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷമാണ് കാണിക്കുന്നത്. വളർന്നുവന്ന നിക്ഷേപ സൗഹൃദ അന്തരീക്ഷം പ്രയോജനപ്പെടുത്തി സാമ്പത്തിക വളർച്ച നേടാനും രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ആശ്വാസം കാണാനുമുള്ള പദ്ധതിയാണ് പുതിയ വ്യവസായ-വാണിജ്യ നയത്തിൽ സർക്കാർ മുന്നോട്ടു വയ്ക്കുന്നത്. സാമൂഹിക ലക്ഷ്യങ്ങൾക്ക് സർക്കാർ ഊന്നൽ നൽകും. പരിസ്ഥിതിക്ക് കോട്ടം തട്ടാതിരിക്കാൻ ജാഗ്രത പാലിക്കും. തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പാക്കാൻ ശ്രമിക്കും. വ്യവസായമേഖലയിൽ ഉദ്ദേശം പതിനായിരം കോടി രൂപയുടെ സ്വകാര്യ മുതൽമുടക്കിനുള്ള ഓഫർ സർക്കാരിന് ലഭിച്ചിട്ടുണ്ട്. കൊച്ചിയിൽ ശോഭ ഡവലപ്പേഴ്സ് 5000 കോടി രൂപ മുടക്കിയാണ് ഹൈടെക് സിറ്റി സ്ഥാപിക്കുന്നത്. അവരുടെ സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയായി. 400 ഏക്കർ സ്ഥലത്താണ് ഈ വ്യവസായം വരുന്നത്. സ്വകാര്യമേഖലയിൽ ഉറപ്പായ ഏറ്റവും വലിയ മുതൽമുടക്കായിരിക്കും അത്. അവിടെ അമ്പതിനായിരം പേർക്ക് തൊഴിൽ നൽകുമെന്നായിരുന്നു ശോഭ ഡവലപ്പേഴ്സ് ആദ്യം പ്രഖ്യാപിച്ച

## സ്മാർട്ട് പൊൻതൂവൽ



**വി.രജീഷ്,** ഗ്രാഫിക് ഡിസൈനർ
ചിപ്ട്രോ ഇൻഫോടെക്, സൗത്ത് സ്ക്വയർ
പനമ്പിള്ളി നഗർ, കൊച്ചി

ഐ.ടി. മേഖലയുടെ വികസനത്തിന് ഈ സർക്കാർ എടുക്കുന്ന നിർണായക തീരുമാനങ്ങളെ ഞങ്ങളെ പോലുള്ള ചെറുപ്പക്കാർ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. നമ്മുടെ താത്പര്യങ്ങൾ സംരക്ഷിച്ചുള്ള സ്മാർട്സിറ്റി ഈ സർക്കാരിന്റെ തൊപ്പിയിലെ പൊൻതൂവലായി എന്നും വിളങ്ങും.

ത്. എന്നാൽ പദ്ധതി പൂർത്തിയാകുമ്പോൾ 75,000 പേർക്ക് തൊഴിൽ കിട്ടുമെന്ന് കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി സംബന്ധിച്ച് സംസ്ഥാന വ്യവസായ വകുപ്പും ശോഭഡവലപ്പേഴ്സും ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

കോഴിക്കോട് മാവൂരിൽ ഗ്രാസിം കമ്പനി പൂട്ടിയതിനെ തുടർന്ന് അവരുടെ കൈവശമുള്ള ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ നടപടികൾ ആരംഭിച്ചിരുന്നു. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഭൂമിയിൽ പരിസ്ഥിതിക്കിണങ്ങുന്ന ആധുനിക വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത ബിർള മാനേജ്മെന്റ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരുന്നു. മലേഷ്യൻ സർക്കാരിന്റെ കൺസ്ട്രക്ഷൻ ഇൻഡസ്ട്രി ഡവലപ്മെന്റ് ബോർഡ് (സിഐഡിബി) കോഴിക്കോട്ടെ കിനാലൂരിൽ കെഎസ്ഐഡിസിയുമായി സഹകരിച്ച് പുതുതലമുറ വ്യവസായങ്ങൾക്കുള്ള പാർക്കും ഉപഗ്രഹ നഗരവും സ്ഥാപിക്കാൻ തയ്യാറായിട്ടുണ്ട്. 2500 കോടി രൂപയുടെ മുതൽമുടക്കാണ് അവിടെ പ്രതീക്ഷിക്കുന്നത്. പദ്ധതി പൂർത്തിയാകുമ്പോൾ 25,000 പേർക്ക് തൊഴിൽ ലഭിക്കും. കെ.എസ്.ഐ.ഡി.സിയും സിഐ ഡിബിയും ഈ പദ്ധതി സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.



പൊതുമേഖലാ വ്യവസായങ്ങൾ എഴുതിത്തള്ളേണ്ടവയല്ലെന്നും സംസ്ഥാനത്തിന്റെ സാമ്പത്തിക അഭിവൃദ്ധിയിൽ അവയ്ക്ക് കാര്യമായ പങ്കുവഹിക്കാൻ കഴിയുമെന്നും തെളിയിക്കാൻ സർക്കാരിനു കഴിഞ്ഞു. പൊതുമേഖലാ വ്യവസായ രംഗത്തുണ്ടായ മാറ്റം അത്ഭുതകരമെന്ന് തന്നെ വിശേഷിപ്പിക്കാം. 2005-06-ൽ വ്യവസായ വകുപ്പിനു കീഴിലെ 12 കമ്പനികളാണ് ലാഭത്തിലുണ്ടായിരുന്നത്. 2006-07-ൽ 22 ആയും 2007-08 ൽ 27 ആയും ഉയർന്നു. കൂടാതെ രണ്ടു കമ്പനികൾക്ക് പ്രവർത്തന ലാഭവുമുണ്ട്. 2005-06-ൽ പൊതുമേഖലാ വ്യവസായങ്ങൾ എല്ലാം കൂടി 63 കോടി രൂപ നഷ്ടമുണ്ടാക്കിയിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം 92 കോടി രൂപ അറ്റാദായം. ഉത്പാദനം, വിറ്റുവരവ് എന്നിവയിലും വലിയ കുതിച്ചുചാട്ടമുണ്ടായി. ഇതിലും വലിയ നേട്ടമാണ് അടുത്ത വർഷത്തെ ലക്ഷ്യം. 2006-07ൽ പൊതുമേഖലാ വ്യവസായങ്ങൾ രണ്ടായിരം കോടിരൂപയുടെ ഉത്പാദനമുണ്ടാക്കി. ഇത് നമ്മുടെ സമ്പദ്ഘടനയിൽ ചെലുത്തുന്ന സ്വാധീനം ചെറുതല്ല.

> 2005-06-ൽ വ്യവസായ വകുപ്പിനു കീഴിലെ 12 കമ്പനികളാണ് ലാഭത്തിലുണ്ടായിരുന്നത്.2006-07-ൽ 22 ആയും 2007-08 ൽ 27ആയും ഉയർന്നു. കൂടാതെ രണ്ടു കമ്പനികൾക്ക് പ്രവർത്തന ലാഭവുമുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിയ മലബാർ സ്പിന്നിങ് ആന്റ് വീവിങ് മിൽ തുറന്നത് പൊതുമേഖലയോട് സർക്കാരിനുള്ള പ്രതിബദ്ധതയുടെ തെളിവാണ്. ആമിൽ നവീകരിക്കാൻ 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുകയാണ്. കേരള സോപ്പ്സ് ആന്റ് ഓയിൽസ് പുനരുദ്ധരിച്ച് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസുമായി സഹകരിച്ച് സോപ്പ് നൂഡിൽസ് ഉണ്ടാക്കാൻ പദ്ധതി തയ്യാറാക്കി വരുന്നു. തിരുവനന്തപുരത്തെ ബാലരാമപുരം സ്പിന്നിങ് മിൽ തുറക്കുമെന്ന വാഗ്ദാനവും സർക്കാർ നടപ്പാക്കും. ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിന് 22 കോടി രൂപയുടെ പദ്ധതിയാണ് സർക്കാർ നടപ്പാക്കുന്നത്. കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിലെ പ്രതിമാസ ഉത്പാദനം 18,000 എനർജി മീറ്ററിൽ നിന്ന് ഒന്നര ലക്ഷമായി ഉയർന്നു. മുൻ സർക്കാരിന്റെ കാലത്ത് പൂട്ടാൻ നിശ്ചയിച്ച ഫാക്ടറിയാണത്.

കൂടുതൽ മൂലധന നിക്ഷേപമോ പുതിയ നിയമനമോ നടത്താതെയാണ് പൊതുമേഖല ഈ നേട്ടമുണ്ടാക്കിയത്. മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കൽ, സർക്കാരിന്റെ തുടർച്ചയായ മേൽനോട്ടം, തൊഴിലാളികളുടെ വർധിച്ച സഹകരണം, അഴിമതി വഴിയുള്ള ചോർച്ച തടയൽ എന്നിവയാണ് നേട്ടത്തിന് അടിസ്ഥാനം. പൊതുമേഖലാ കമ്പനികളുടെ പ്രവർത്തനം ഓരോ മാസവും അവലോകനം ചെയ്യുന്നതിന് പ്രത്യേക സംവിധാനമുണ്ടാക്കിയിട്ടുണ്ട്. കേരളചരിത്രത്തിൽ ഇത്തരമൊരു നടപടി ആദ്യമാണ്. ഏറ്റവും കാര്യക്ഷമമായി കമ്പനി നടത്തുന്ന മേധാവിക്ക് അവാർഡ് ഏർപ്പെടുത്തി. കാര്യക്ഷമതയും യോഗ്യതയുമാണ് കമ്പനി മേധാവികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. ആരോഗ്യമുള്ള പൊതുമേഖല-അതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

സാധനങ്ങൾ വാങ്ങുന്നതിൽ പൊതുമേഖലാസ്ഥാപനങ്ങൾ പരസ്പരം സഹകരിക്കുന്നു. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഉത്പാദിപ്പിക്കുന്ന മുഴുവൻ എനർജി മീറ്ററും വാങ്ങാൻ കെഎസ്ഇബി തീരുമാനിച്ചത് ഈ നയത്തിന്റെ അടിസ്ഥാനത്തിലാണ്. ട്രാക്കോ കേബിൾ, അങ്കമാലി ടെൽക്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിങ് എന്നീ പൊതുമേഖലാ കമ്പനികളിൽ നിന്നും വൈദ്യുതി ബോർഡ് ഉത്പന്നങ്ങൾ വാങ്ങുന്നുണ്ട്. കടുത്ത പ്രതിസന്ധിയിലായിരുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെഎസ്ഡിപി) ഉത്പാദിപ്പിക്കുന്ന മരുന്ന് ആരോഗ്യവകുപ്പും സഹകരണ ആശുപത്രികളും വാങ്ങണമെന്ന് തീരുമാനിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് പൂട്ടാറായ കെഎസ്ഡിപി ഉയർത്തെഴുന്നേൽപ്പിന്റെ വഴിയിലാണ്.

കേന്ദ്ര പൊതുമേഖലയുമായുള്ള സഹകരണം വ്യവസായവകുപ്പ് പ്രധാന അജണ്ടയായി എടുത്തിരിക്കുകയാണ്. കേന്ദ്ര മുതൽമുടക്കിന്റെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്. രാജ്യത്തെ ആകെ



**വികസനത്തിന് പുതിയ ഗതിവേഗം :** കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ പരസ്പരം കൈകോർക്കുന്നു. തിരുവനന്തപുരത്തെ കെൽടെക് ബ്രഹ്മോസിന് കൈമാറിയപ്പോൾ.



യു.എ.ഇ. ധനകാര്യ വ്യവസായ മന്ത്രാലയം സെക്രട്ടറി യൂനൂസ് ഹാജി അൽ ഖൂരിയുടെ നേതൃത്വത്തിലുള്ള സംഘം പുതിയ സംരംഭ ദൗത്യവുമായി വ്യവസായമന്ത്രിയെ സന്ദർശിച്ചപ്പോൾ

കേന്ദ്ര നിക്ഷേപത്തിന്റെ 2.59 ശതമാനം മാത്രമാണ് കേരളത്തിലുള്ളത്. പൊതുമേഖലാ സ്ഥാപനത്തിന്റെ വളർച്ച ചെറുകിട വ്യവസായങ്ങളെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കേരളത്തിനകത്തെ ചെറുകിട സ്ഥാപനങ്ങളിൽ നിന്ന് ഉത്പന്നങ്ങൾ വാങ്ങുക വഴി വാറ്റ് സമ്പ്രദായത്തിന്റെ നേട്ടം കൂടി നമുക്ക് ലഭിക്കും. തിരുവനന്തപുരത്തെ ഹൈടെക് ഇൻഡസ്ട്രീസിനെ പ്രതിരോധ വകുപ്പിന് കീഴിലുള്ള ബ്രഹ്മോസ് എയ്റോസ്പേസ് കമ്പനി ഏറ്റെടുത്തു കഴിഞ്ഞു. കേന്ദ്ര പൊതുമേഖലയിലുള്ള നാഷണൽ തെർമൽ പവർ കോർപറേഷനും സംസ്ഥാന ഉടമസ്ഥതയിലുള്ള ടെൽക്കും തമ്മിൽ സംയുക്ത സംരംഭം ആയിക്കഴിഞ്ഞു. ചേർത്തലയിലുള്ള സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ്, ഓട്ടോകാസ്റ്റ് എന്നിവയുമായി റെയിൽ ബോഗി നിർമാണ ഫാക്ടറി ആരംഭിക്കാൻ റെയിൽവേ തീരുമാനിച്ചത് സംസ്ഥാന വ്യവസായ മേഖലയ്ക്ക് പുതിയ ഊർജം പ്രദാനം ചെയ്തിരിക്കുകയാണ്.

കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ് പുനരുദ്ധരിക്കുന്നതിന് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ സാങ്കേതിക-സാമ്പത്തിക സഹകരണം ഉറപ്പായിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിന്റെ ഒന്നാംഘട്ടം കഴിഞ്ഞിരിക്കുകയാണ്. അടുത്ത ഘട്ടത്തിൽ 50 കോടി രൂപ ചെലവിൽ റീറോളിങ് മിൽ സ്ഥാപിക്കാനുള്ള ധാരണാപത്രം സെയിലും കേരള ഗവൺമെന്റും ഒപ്പുവയ്ക്കുന്നതാണ്.

അടിസ്ഥാന സൗകര്യ വികസനത്തിന് കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനം യാഥാർഥ്യമാക്കി. സ്വകാര്യപങ്കാളിത്തമുള്ള പുതിയ കമ്പനിയിൽ (ഇൻകൽ) മുതൽമുടക്കാൻ വൻകിട വ്യവസായികളും പ്രവാസി ഇന്ത്യക്കാരും വലിയ താത്പര്യം കാണിച്ചിട്ടുണ്ട്. വൻകിട അന്തർഘടനാ പദ്ധതികൾ ഏറ്റെടുക്കാൻ ഇൻകൽ ഒരുങ്ങുന്നു.

കൈത്തറി-ഖാദി മേഖല പുനരുദ്ധരിക്കാൻ ഭാവനാപൂർണമായ പരിപാടികളാണ് സർക്കാർ ആവിഷ്കരിച്ചത്. കേരളത്തനിമയ്ക്ക് കൈത്തറി എന്ന മുദ്രാവാക്യത്തിലൂടെ കൈത്തറി ജനപ്രിയമാക്കാനും വിപണി വർധിപ്പിക്കാനുമുള്ള പരിപാടി ആരംഭിച്ചു കഴിഞ്ഞു. എല്ലാ മലയാളികളും ആഴ്ചയിൽ ഒ രി ക്ക ലെ

■ മനോജ് കെ. പുതിയവിള

## കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അത്ഭുതപ്രവൃത്തികൾ ചെയ്യുന്നു. ഉത്പാദനക്ഷമതയും ശേഷിയും ഉയർത്തുന്നു, പാഴ്ച്ചെലവുകുറയ്ക്കുന്നു, മാനേജ്മെന്റ് ഫലപ്രദമാകുന്നു, ജീവനക്കാർ ആത്മാർത്ഥമായി പണിയെടുക്കുന്നു, വൈവിദ്ധ്യവത്കരണം നടത്തുന്നു, പുത്തൻ സാങ്കേതികവിദ്യകൾ നേടുന്നു, പുതിയ വിപണികൾ കണ്ടെത്തുന്നു, ഗുണമേന്മ ഉയർത്തുന്നു....

കോഴിക്കു മുലവരുന്ന ദിവസം കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ രക്ഷപ്പെടും എന്നതു ജോത്സ്യന്റെ പ്രവചനമായിരുന്നില്ല. കൊച്ചു കുഞ്ഞുങ്ങൾപോലും മനസിൽ കുറിച്ചിട്ടിരുന്ന കാര്യമാണ്. തല്ലണ്ടാ അമ്മാവാ, ഞാൻ നന്നാവില്ല എന്ന കറകളഞ്ഞ നിലപാടിലായിരുന്നു അവ. അങ്ങിനെയാണല്ലോ കഴിഞ്ഞ യു.ഡി.എഫ് സർക്കാർ ബി.ഐ.എഫ്.ആർ അറവുശാലയിലേക്ക് അവയെ ഒരറ്റത്തുനിന്നും റഫർ ചെയ്തു തുടങ്ങിയതും അവർ അവയ്ക്കു ദയവധമോ മുതലാളിമാർക്കു വില്ക്കലോ ശുപാർഷചെയ്തും.

എന്നാലിതാ, കോഴികൾക്കൊന്നും മുല വന്നില്ലെങ്കിലും കേരളത്തിലെ പൊതുമേഖലാവ്യവസായസ്ഥാപനങ്ങൾ അത്ഭുതപ്രവൃത്തികൾ ചെയ്യുന്നു. ഉല്പാദനക്ഷമതയും ശേഷിയും ഉയർത്തുന്നു, പാഴ്ച്ചെലവുകുറയ്ക്കുന്നു, മാനേജ്മെന്റ് ഫലപ്രദമാകുന്നു, ജീവനക്കാർ ആത്മാർത്ഥമായി പണിയെടുക്കുന്നു, വൈവിദ്ധ്യവത്കരണം നടത്തുന്നു, പുത്തൻ സാങ്കേതികവിദ്യകൾ നേടുന്നു, പുതിയ വിപണികൾ കണ്ടെത്തുന്നു, ഗുണമേന്മ ഉയർത്തുന്നു.... പിന്നെയും എന്തൊക്കെയോ ചെയ്യുന്നു!

ചുരുക്കത്തിൽ ഇതാ, രണ്ടു വർഷം കൊണ്ട് പതിനഞ്ചു വ്യവസായസ്ഥാപനങ്ങൾ നഷ്ടത്തിൽ നിന്നും ലാഭത്തിലേക്കു വന്നിരിക്കുന്നു. അതിനു മുമ്പുതന്നെ ലാഭത്തിലായിരുന്ന 12 സ്ഥാപനങ്ങൾ ഇക്കാലയളവിൽ ലാഭം ഉയർത്തി. രണ്ടും ചേർത്ത് 27 വ്യവസായങ്ങൾ ഇപ്പോൾ ലാഭത്തിലാണ്. വ്യവസായ വകുപ്പിനു കീഴിൽ ആകെയുള്ള 42 ഉല്പാദന വ്യവസായ ശാലകളിൽ 15 എണ്ണമേ ഇപ്പോൾ നഷ്ടത്തിലുള്ളൂ. ഇവയുടെ നഷ്ടം ഗണ്യമായി കുറച്ചുകൊണ്ടു വരികയാണ്. കൂടാതെ, പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറക്കാനും തുടങ്ങിയിരിക്കുന്നു.

“ആരെങ്കിലും ആവശ്യപ്പെടാതെതന്നെ പൊതുമേഖലയിലെ ശമ്പളപരിഷ്കരണം സംസ്ഥാനസർക്കാർ ഗൗരവപൂർവ്വം പരിഗണിച്ചു വരികയാണ്” തൊഴിലാളി നേതാവുകൂടിയായ വ്യവസായമന്ത്രി എളമരംകരീം പ്രഖ്യാപിക്കുന്നു. “ഇതിനുള്ള അന്തരീക്ഷം എല്ലാവരും ചേർന്നു സൃഷ്ടിച്ചുതരണം” അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ഇതെല്ലാം കേരളത്തിനു തികച്ചും പുതിയ അനുഭവമാണ്. വിസ്മയകരമായ അനുഭവം..... പൊതുമേഖല രക്ഷപ്പെടുകയാണ്. പാവം! കോഴിയുടെകാര്യം മാത്രം ബാക്കി.

സാമൂഹിക ക്ഷേമത്തിന്റെ പുറം മോടി കാട്ടി ഗമയിൽ കഴിയുന്ന കേരളത്തിന്റെ അസ്തിവാരം ഉല്പാദന രാഹിത്യവും വിഭവ-സമ്പദ് ദാരിദ്ര്യവും കൊണ്ട് ഇളകിയാടുകയാണെന്നും തിരിച്ചറിഞ്ഞതു മുതൽ കാർഷിക വ്യവസായിക അംഗങ്ങളിൽ സമ്പത്തുല്പാദനത്തിന് അടിയന്തിര പ്രാധാന്യം നല്കണമെന്ന ആഹ്വാനം തലങ്ങും വിലങ്ങും ഉയരുകയാണ്. അതിൽത്തന്നെ വ്യവസായ രംഗത്താണ് വമ്പിച്ച മുന്നേറ്റം ഉണ്ടാകേണ്ടതെന്നും

ങ്കിലും കൈത്തറിയോ ഖാദിയോ ധരിക്കണമെന്നതാണ് ലക്ഷ്യം. സ്കൂളുകളിൽ ഖാദി-കൈത്തറി യൂണിഫോം കഴിഞ്ഞ അധ്യയന വർഷം നിലവിൽ വന്നു. ഇപ്പോൾ 50 കോടി രൂപയുടെ കൈത്തറി ഒരു വർഷം വിൽക്കുന്നുണ്ട്. അത് 200 കോടി രൂപയായി വർധിപ്പിക്കും. അതനുസരിച്ച് ഉത്പാദനം വർദ്ധിപ്പിക്കാനുള്ള കഠിനപ്രയത്നത്തിലാണ്.

ദിനേശ് ബീഡിയുടെ വൈവിധ്യവത്കരണത്തിനും തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനും ഏഴരക്കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നു. ഇതിൽ നാലു കോടി രൂപ സർക്കാർ അനുവദിച്ചു. പദ്ധതിയുടെ ഭാഗമായി കണ്ണൂരിൽ ഗാർമെന്റ് യൂണിറ്റ് ആരംഭിച്ചു കഴിഞ്ഞു. രണ്ടു ഗാർമെന്റ് യൂണിറ്റുകൾ കൂടി വൈകാതെ ആരംഭിക്കും. ദിനേശ് ചായ വിപണിയിലിറക്കി.

ഈറ്റ, പനമ്പ് മേഖലയിൽ വൈവിധ്യവത്കരണത്തിലൂടെ കൂടുതൽ പേർക്ക് തൊഴിൽ നൽകാനും തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കാനും കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഫലമായി ബാംബു അടിസ്ഥാനമാക്കിയുള്ള പലവിധ ഉത്പന്നങ്ങൾ വിപണിയിലിറക്കി.

ചെറുകിട വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനും ആസൂത്രിത നടപടികൾ കൈക്കൊണ്ടു. മാർജിൻ മണി വായ്പ എടുത്തവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. 964 കേസുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ അനുവദിച്ചു. ഈ ഇനത്തിൽ അഞ്ചുകോടി രൂപ എഴുതിത്തള്ളി. ചെറുകിട വ്യവസായികൾക്ക് പ്രൈസ് പ്രിഫറൻസ് അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്ന ഈ പ്രവർത്തനങ്ങളെല്ലാം തന്നെ കേരളത്തിലെ വ്യവസായ രംഗത്ത് വൻ മുന്നേറ്റത്തിന് കാരണമാകും.

വ്യവസായ വികസനത്തിന് അനുകൂലമായി ഇന്ന് നിലനിൽക്കുന്ന എല്ലാ സാഹചര്യങ്ങളെയും പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമാറ് സംസ്ഥാനത്ത് വ്യവസായ വാണിജ്യ വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടർന്നും എല്ലാവരുടെയും പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നു.■

# വേണമെങ്കിൽ ലാഭം പൊതുമേഖലയിലും കായ്ക്കും



കേരളത്തിന്റെ ജനസാന്ദ്രതയും ഭൂവിസ്തൃതിയും അടക്കമുള്ള കാര്യങ്ങൾ ചൂണ്ടിക്കാട്ടി വിദഗ്ദ്ധർ പറഞ്ഞിട്ടുണ്ട്.

പക്ഷേ, ഇവിടെ വ്യവസായം തുടങ്ങാനും മൂലധനം ഇറക്കാനും എന്തോ ഒരു വിമുഖതയായിരുന്നു. കേരളത്തിന് അകത്തും പുറത്തുമുള്ള സംരംഭകർക്ക് ഇതിന് ഒരു മുഖ്യകാരണം ഇവിടെ തുടങ്ങിയ വ്യവസായങ്ങൾ വിജയകരമായി നടത്തിക്കാണിച്ചുകൊണ്ടേ, ഇതാ ഇവിടെ നല്ല അന്തരീക്ഷമാണ്, ഇവിടെ നിക്ഷേപിക്കൂ എന്നു പറയാനാകൂ.

അതിന് ഇവിടുത്തെ വ്യവസായങ്ങൾ ലാഭകരവും വളരുന്നതും ആക്കി മാറ്റണം. കേരളത്തിലെ വ്യവസായ രംഗത്തിന്റെ മുഖമുദ്ര തന്നെ പൊതുമേഖലാസ്ഥാപനങ്ങൾ ആയതിനാൽ ഇവയുടെ ശോചനീയാവസ്ഥ പരിഹരിച്ച് നല്ല മാതൃകകളാക്കി അവതരിപ്പിക്കുക എന്നതായിരുന്നു പ്രധാനം. എന്നും നഷ്ടം മാത്രം ഉണ്ടാക്കി ദുഷ്പേരുപിടിച്ച ഈ സ്ഥാപനങ്ങൾ പോലും മികച്ച മാതൃകകളാക്കി പ്രവർത്തിക്കുന്നു എന്നു വന്നാൽ സ്വകാര്യവ്യവസായികൾക്കും ആത്മവിശ്വാസം ഉണരും. വേണ്ട സഹായങ്ങൾ നല്കിയാൽ ആരംഭവും ഉണരും. ഈ ഉണർവ്വാകും കേരളത്തിന്റെ സെല്ലിങ് പോയിന്റ്.

ഈ തിരിച്ചറിവാണ് സമൂഹത്തിന്റെ പണം വൻതോതിൽ നിക്ഷേപിച്ചു പടുത്തുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനുള്ള പദ്ധതിക്ക് എൽ.ഡി.എഫ് സർക്കാരിന്റെ പുതിയ വ്യവസായ നയത്തിൽ ഊന്നൽ നല്കാൻ കാരണമായത്.

ഇതിനു ബഹുമുഖമായ കർമപദ്ധതിക്കാണു സർക്കാർ രൂപം നല്കിയത്. കർക്കശമായ അവലോകനം, കമ്പനികൾ സ്വയം കൈക്കൊള്ളേണ്ട നടപടികൾ, പുനരുജ്ജീവന പദ്ധതികളും ഒറ്റത്തവണ തീർപ്പാക്കലും പുനർവായ്പയും അടക്കം നേരിട്ടും സർക്കാർ മുഖാന്തരവും നല്കാവുന്ന സഹായങ്ങൾ, സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഉല്പന്നങ്ങളും സേവനങ്ങളും പരസ്പരം വാങ്ങാനുള്ള ധാരണ, കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളും വകുപ്പുകളുമായുള്ള സഹകരണവും സംയുക്ത സംരംഭങ്ങളും, കേന്ദ്രത്തിനു കൈമാറൽ തുടങ്ങി പലതും ഇതിന്റെ ഭാഗമായി കൈക്കൊണ്ടു.

വ്യവസായ വകുപ്പിനു കീഴിലുള്ള കമ്പനികളെ ഓരോന്നിനെയും സമഗ്രമായി വിലയിരുത്തി അവയെ മൂന്നായി തിരിക്കുകയായിരുന്നു ആദ്യപടി ലാഭത്തിലുള്ളവ, ലാഭത്തിലാക്കാൻ കഴിയുന്നവ, എന്തു ചെയ്താലും രക്ഷിക്കാൻ കഴിയാത്തവ എന്നിങ്ങനെ. ഇതിന്റെ അടിസ്ഥാനത്തിലുള്ള സമീപനങ്ങളാണ് ഓരോ സ്ഥാപനത്തോടും കൈക്കൊള്ളുന്നത്.

ഓരോമാസവും 10-ാം തീയതിക്കകം ഓരോ കമ്പനിയും പ്രതിമാസ അവലോകന റിപ്പോർട്ട് തയ്യാറാക്കി സർക്കാരിനു സമർപ്പിക്കണം. പൊതുമേഖലാ പുനസംഘാടനത്തിനും ഇന്റേണൽ ഓഡിറ്റിനുമുള്ള സ്ഥാപനമായ റിയാബാണ് ഇത് പരിശോധിക്കുക. മറ്റു സംസ്ഥാനങ്ങളിലെ സമാന വ്യവസായങ്ങളുമായിവരെ താരതമ്യം

ചെയ്യും. ഈ അവലോകന യോഗങ്ങളിൽ വ്യവസായമന്ത്രി എളമരംകരീം മുടങ്ങാതെ പങ്കെടുത്തിരുന്നു എന്നതാണ് ഇതിലെ ഏറ്റവും പ്രധാനകാര്യം. വാസ്തവത്തിൽ ഈ ഒറ്റ തീരുമാനം തന്നെ അവലോകന പരിപാടിക്ക് ഉന്നതമാനവും ഗൗരവവും പകർന്നു. ഇതുതന്നെയാണ് ഇത്രവേഗത്തിൽ ഈ രംഗത്തു മാറ്റം വരുത്താൻ സഹായകമായത്. റിയാബ് സെക്രട്ടറി പത്മകുമാർ സാക്ഷ്യപ്പെടുത്തുന്നു.

ഓരോമാസവും നിശ്ചയിച്ചു നല്കുന്ന ടാർഗറ്റ് അടുത്ത അവലോകനത്തിനു മുമ്പ് കമ്പനി കൈവരിച്ചിരിക്കണം. ഇല്ലെങ്കിൽ കാരണം ബോദ്ധ്യപ്പെടുംവിധം വിശദീകരിക്കണം. വ്യവസായ ശാലകളുടെ മേധാവികളെ ഇരുത്തി വിയർപ്പിക്കുന്നത്ര നിഷ്കൃഷ്ടമായ അവലോകനമാണത്രെ നടക്കുന്നത്.

ഇതിനുസമാന്തരമായി വ്യവസായസ്ഥാപനങ്ങളുടെ തലപ്പത്തു പ്രൊഫഷണലുകളെ കൊണ്ടുവരാനുള്ള നടപടികളും നടക്കുകയായിരുന്നു. ഇപ്പോൾ ഏതാണ്ടെല്ലാ കമ്പനിയുടെയും മേധാവികൾ പ്രൊഫഷണലുകളാണ്. രാഷ്ട്രീയതാല്പര്യങ്ങളില്ലാതെ ഇവരെ കണ്ടെത്തി നിയമിച്ചത് ഇതിനു രൂപം നൽകിയ സെലക്ഷൻ ബോർഡാണ്. ഇത്തരക്കാരെ കിട്ടാൻ വൻകിട സ്വകാര്യ സ്ഥാപനങ്ങളുടേതിനു തുല്യമായ ഉയർന്ന വേതനം നല്കേണ്ടതുണ്ടായിരുന്നു. ചരിത്രത്തിൽ ആദ്യമായി സർക്കാർ അതിനും തയ്യാറായി. ഒപ്പം മറ്റൊരു ചരിത്രവും കുറിച്ചു. സ്ഥാപനങ്ങളുടെ തലപ്പത്തു വിവേചനരഹിതമായി രാഷ്ട്രീയ നിയമനങ്ങൾ നടത്തുന്ന രീതി അവസാനിപ്പിച്ചു.

"ഔദ്യോഗിക പ്രകടനം മാത്രമായിരിക്കും ജോലിയിൽ തുടരുന്നതിനുള്ള യോഗ്യത. അല്ലാത്തവരെ ഒരു ഗോഡ്ഫാദറും രക്ഷിക്കില്ല"- എളമരംകരീം നയം വ്യക്തമാക്കുന്നു. ഇതിനൊക്കെ ഫലം കണ്ടു. പത്തും പതിനഞ്ചും വർഷത്തിനു ശേഷമാണ് പല കമ്പനികളും ലാഭത്തിലെത്തിയത്. പ്രതിസന്ധിയിൽ പ്രതീക്ഷ നശിച്ചു മറ്റുപണി തേടാൻപോലും ആലോചിച്ചു കഴിഞ്ഞിരുന്ന തൊഴിലാളികൾക്ക് കമ്പനികൾ ലാഭത്തിലായതോടെ, നീണ്ട വർഷങ്ങൾക്കുശേഷം മെച്ചപ്പെട്ട ശമ്പള വർദ്ധനവാലും നൽകാൻ കഴിഞ്ഞിരിക്കുന്നു; മെച്ചപ്പെട്ട ബോണസും. ഇതു നിസ്സാര കാര്യമല്ല. മറ്റു സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കും ഇതു വലിയ പ്രചോദകമാകുകയും ചെയ്യുന്നു.

ഓരോ സ്ഥാപനവും സ്വന്തം വളർച്ചയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കി മുന്നോട്ടു പോകുകയാണ്. ജീവനക്കാരുടെ എണ്ണവും അവരുടെ വേതനവും കുറയ്ക്കാതെയുള്ള വികസനമാണു നടപ്പാക്കേണ്ടതെന്നു വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. തൊഴിലാളികളും അവരുടെ സംഘടനകളും മാനേജ്മെന്റും തമ്മിൽ ഹൃദ്യമായ സഹകരണം ഉറപ്പാക്കിയാണു നവീകരണം. പുതിയമാനേജ്മെന്റ് സമ്പ്രദായങ്ങൾ, ഉല്പാദന സാങ്കേതിക വിദ്യകൾ, ഡിമാന്റുള്ള പുതിയ ഉല്പന്നങ്ങൾ ഒക്കെ ഇവിടങ്ങളിലേക്കു കടന്നു വരികയാണ്. എനർജി ഓഡിറ്റ് അടക്കമുള്ള ആധുനിക സമ്പ്രദായങ്ങളെല്ലാം ഇന്നു സർക്കാർ വ്യവസായങ്ങളിൽ യാഥാർഥ്യമായി വരുന്നു

ഏറെക്കാലമായി അടഞ്ഞുകിടന്ന കോഴിക്കോട്ടെ തിരുവണ്ണൂരുള്ള മലബാർ സ്പിന്നിംഗ് ആന്റ് വീവിംങ് മിൽ തുറന്നു പ്രവർത്തനം തുടങ്ങി. തിരുവനന്തപുരം സ്പിന്നിംങ് മിൽ തുറക്കാനുള്ള നടപടികളായി. താക്കോൽ ഏറ്റുവാങ്ങി ഔപചാരികമായി തുറന്ന് ഉടമാവകാശം പുന:സ്ഥാപിക്കുകയും ചെയ്തു. സോപ്സ് ആന്റ് ഓയിസ്, ഡിറ്റർജന്റ്സ് ആൻഡ് കെമിക്കൽസ് തുടങ്ങിയവയും തുറക്കാനുള്ള നീക്കം നടന്നു വരുന്നു.

കാര്യമായ വളർച്ചാസാദ്ധ്യതയില്ലാതെ പ്രത്യാശ നഷ്ടപ്പെട്ടു നിലനിന്നുവന്ന തിരുവനന്തപുരം കെൽടെക് എന്ന കേരളഹൈ

> ഗവേഷണ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും എല്ലാ കാര്യത്തിലും സ്വയം പര്യാപ്തി നേടിയും സർക്കാർ സഹായം ഇല്ലാതെ പ്രവർത്തിക്കാനും വളരാനും വ്യവസായ സ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്നതാണ് അടുത്ത ലക്ഷ്യം.

ടെക് ഇൻഡസ്ട്രി കേന്ദ്രസർക്കാരിനു കീഴിലുള്ള ബ്രഹ്മോസ് എയ്റോസ്പേസിനു കൈമാറിയതോടെ വൻ വികസന സാദ്ധ്യത കൈവന്നിരിക്കുകയാണ്. ജീവനക്കാർക്ക് കേന്ദ്രനിരക്കിലുള്ള വേതനവും ആനുകൂല്യങ്ങളും ലഭിക്കുകയും ചെയ്തു. കേന്ദ്രത്തിനു കൈമാറിയതിനാൽ നമ്മുടെ ലാഭപ്പട്ടികയിൽപ്പെടാതെ പോയെങ്കിലും സംസ്ഥാനത്തിനു വലിയൊരു നേട്ടമാണീ സ്ഥാപനം.

സൾഫറിനു രാജ്യാന്തര വിപണിയിൽ വിലക്കയറ്റവും ദൗർലഭ്യവും ഉണ്ടായിരുന്നില്ലായിരുന്നെങ്കിൽ റ്റിറ്റിപിയും ലാഭപ്പട്ടികയിൽ ഉണ്ടാകേണ്ടതായിരുന്നു. റ്റി.റ്റി.പിയുടെ പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കാനുള്ള ശ്രമത്തിലാണ് അധികൃതർ. യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കെഎസ്ഡിപി തുടങ്ങിയ സ്ഥാപനങ്ങൾ പ്രതിസന്ധി മറികടന്നത് പൊതുമേഖലാ ഉല്പന്നങ്ങൾ വാങ്ങുക എന്ന എൽഡിഎഫ് സർക്കാരിന്റെ നയം കൊണ്ടാണ്. ഇതു സാദ്ധ്യമായതോടെ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ വഴിയൊരുങ്ങി.

കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായും കേന്ദ്രസർക്കാർ വകുപ്പുകളുമായും സഹകരണത്തിനുള്ള സാദ്ധ്യതകൾ തേടുക എന്നതാണു ഫലപ്രദമായി കണ്ട മറ്റൊരു നടപടി. സ്റ്റീൽ കോംപ്ലക്സും സെയിലും തമ്മിലും ഓട്ടോകാസ്റ്റും റയിൽവേയും തമ്മിലും ടെൽക്കും എൻ റ്റി പി സിയും കെല്ലും ഭെല്ലും തമ്മിലും ഉള്ള സഹകരണ-സംയുക്ത സംരംഭങ്ങൾക്കുള്ള നടപടികൾ പലഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. പ്രതിരോധ വകുപ്പുമായി പല സ്ഥാപനങ്ങളും ഇതിനകം തന്നെ സഹകരിക്കുന്നുണ്ട്. ഇതു വിപുലീകരിക്കാനും ശക്തിപ്പെടുത്താനും നീക്കം നടക്കുന്നു.

വിദേശ കമ്പനികളുമായി സാങ്കേതിക വിദ്യാ കൈമാറ്റത്തിനും കയറ്റുമതിക്കും ഉള്ള സാദ്ധ്യതകളും ആരായുകയാണ്. ഇതിൽ ചിലതിനു ധാരണാപത്രങ്ങൾ ഒപ്പുവച്ചു കഴിഞ്ഞു.

ഇവയ്ക്കെല്ലാം കർശനമായ തുടർപ്രവർത്തനങ്ങൾ നടത്തി വേഗം പ്രാവർത്തികമാക്കുക എന്നതാണ് ഇനി ഊന്നൽ നല്കാൻ ഉദ്ദേശിക്കുന്ന ഒരു പ്രവർത്തനമെന്ന് വ്യവസായ വകുപ്പ് അധികൃതർ വ്യക്തമാക്കുന്നു.

ഗവേഷണ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും എല്ലാ കാര്യത്തിലും സ്വയം പര്യാപ്തി നേടിയും സർക്കാർ സഹായം ഇല്ലാതെ പ്രവർത്തിക്കാനും വളരാനും വ്യവസായ സ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്നതാണ് അടുത്ത ലക്ഷ്യമെന്ന് വ്യവസായ മന്ത്രി എളമരംകരീം വ്യക്തമാക്കിയിട്ടുണ്ട്.

"കെൽട്രോണിനെ ദേശീയ നിലവാരത്തിലുള്ള സ്ഥാപനമായി ഉയർത്തുക, ടെൽക്കിനെ ഏറ്റവും വലിയ കമ്പനിയായി വളർത്തുക എന്നിവയാണ് ചില പ്രധാന ലക്ഷ്യങ്ങൾ." മൂന്നാം വർഷത്തെ ഊന്നലുകളെപ്പറ്റി എളമരം പറഞ്ഞു.

പൊതുജനത്തിന്റെ പണമല്ലേ; കാട്ടിലെ തടി തേവരുടെ ആന എന്ന ശൈലിയിൽ അങ്ങു മുന്നോട്ടു പോകാം എന്ന ചിന്തയ്ക്ക് കുറഞ്ഞ പക്ഷം സംസ്ഥാനത്തെ പൊതുമേഖലാ ഉത്പാദന വ്യവസായങ്ങളിലെങ്കിലും മാറ്റം വന്നിരിക്കുന്നു. അഴിമതി ഇല്ലാതെയും സർക്കാരിനു പ്രവർത്തിക്കാമെന്നു വാളയാറിലൂടെ തെളിയിച്ചതുപോലെയുള്ള മറ്റൊരു ചരിത്രപരമായ ബോദ്ധ്യപ്പെടുത്തൽ.

എൽഡിഎഫ് അധികാരത്തിൽ വരുമ്പോൾ 30 വ്യവസായങ്ങൾ നഷ്ടത്തിലുണ്ടായിരുന്നത് രണ്ടു കൊല്ലത്തിനകം നേരെ പകുതിയായി കുറയ്ക്കാൻ കഴിഞ്ഞിരിക്കുന്നു. ഒപ്പം പ്രത്യാശാനിർഭരമായ വളർച്ചയുടെ ഒരുപിടി മാറ്റങ്ങളും. ഇതു മുന്നോട്ടു കൊണ്ടു പോകുക എന്നത് ഓരോ മലയാളിയുടെയും കടമയാണ്. ഈ മാറ്റത്തിന്റെ സന്ദേശം സംസ്ഥാനത്തിന്റെ വ്യവസായാനുകൂലാന്തരീക്ഷത്തിന്റെ വിളംബരം കൂടിയാണ്.■